LIBRARY ARCHIVES Kerala Legislative Assembly

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ

103 (3257) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പിനു കീഴിലുള്ള ത്രിവേണി, നന്മ, നീതി സ്റ്റോറുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ടോ; വിശദമാക്കുമോ;

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പിനുകീഴിലുള്ള ത്രിവേണി, നന്മ, നീതി സ്റ്റോറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

സ്റ്റോറുകൾ	എണ്ണം	പ്രവർത്തിക്കുന്ന സ്ഥലം
ത്രിവേണി സ്റ്റോറുകൾ (കൺസ്യൂമർഫെഡ്)	1	കൽപ്പറ്റ
നന്മ സ്റ്റോറുകൾ (കൺസ്യൂമർഫെഡ്)	3	പൊഴുതന മുട്ടിൽ പുളിക്കുന്ന്
നന്മ സ്റ്റോറുകൾ (സഹകരണ സംഘങ്ങൾ മുഖാന്തിരം)	5	മുട്ടിൽ വാഴവറ്റ വെണ്ണിയോട് കൽപ്പറ്റ കമ്പളക്കാട്
നീതി സ്റ്റോറുകൾ (സഹകരണ സംഘങ്ങൾ മുഖാന്തിരം)	3	കൽപ്പറ്റ SCB മടക്കിമല SCB മേപ്പാടി STCS

(ബി) നന്മ സ്റ്റോറുകൾ എല്ലാംതന്നെ ഈ സർക്കാരിന്റെ കാലത്താണ് ആരംഭിച്ചിട്ടുള്ളത്.

(സി) പ്രസ്തുത സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാകുന്നുവെന്നത് പരിശോധിക്കാറുണ്ട്.

കോഴിക്കോട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ

104 (3258) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തുവെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത ജില്ലയിൽ രജിസ്റ്റർ ചെയ്ത സംഘങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഘങ്ങളിൽ ഇനിയും പ്രവർത്തനം ആരംഭിക്കാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ 77 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പേരുവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഇതുവരെ 210 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പേരുവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത സംഘങ്ങൾ എല്ലാംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ജീവനക്കാരുടെ ശമ്പളം

105 (3259) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ മാനേജിംഗ് ഡയറക്ടർ, ബിസിനസ്സ് മാനേജർ എന്നിവർക്കുള്ള ശമ്പളം സംസ്ഥാന സഹകരണ വകുപ്പ് നോൺ പ്ലാൻ പൊഡിൽ ഉൾപ്പെടുത്തി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly